"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവനവ്യവസ്ഥയിൽ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ചു വരുന്ന ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗവ. പോളി ടെക്നിക്ക് കോളേജിൽ ഡെമോൺസ്ട്രേറ്ററായ ശ്രീമതി.എച്ച്.ബീനയുടെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1738/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 24/09/2020

---

പരാമർശം:- 1 സ.ഉ. (ആർ.ടി.) നം. 1784/2018/തസ്വഭവ. തീയതി 30/06/2018

2 സ.ഉ. (ആർ.ടി.) നം.1622/2019/തസ്വഭവ. തീയതി 29/07/2019

3 സംസ്ഥാന ഇലക്ഷൻ കമ്മീഷൻ സെക്രട്ടറിയുടെ 20/07/2020-ലെ എസ്.ഇ.സി./534/2018-എ1 നമ്പർ കത്ത്.

4 സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 01/07/2020-ലെ EC4/13863/2020/DTE നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവനവ്യവസ്ഥയിൽ പരാമർശം (1) ഉത്തരവ് പ്രകാരം 04.07.2018 മുതൽ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ചു വരുന്നതും പരാമർശം(2) പ്രകാരം അന്യത്ര സേവന കാലാവധി വീണ്ടും ഒരു വർഷം പുതുക്കി നൽകിയിട്ടുള്ളതുമായ ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗവ. പോളി ടെക്നിക്ക് കോളേജിൽ ഡെമോൺസ്ട്രേറ്ററായ ശ്രീമതി.എച്ച്.ബീനയുടെ അന്യത്ര സേവന കാലാവധി 03.07.2020-ൽ- അവസാനിക്കുകയാണെന്നും 04.07.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകണമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു. ശ്രീമതി.എച്ച്.ബീനയുടെ അന്യത്ര സേവന കാലാവധി 04.07.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകുന്നതിൽ വകുപ്പിന് ആക്ഷേപമില്ലെന്ന് പരാമർശം (4)ലെ കത്ത് പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവനവ്യവസ്ഥയിൽ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ചു വരുന്ന ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗവ. പോളി ടെക്നിക്ക് കോളേജിൽ ഡെമോൺസ്ട്രേറ്ററായ ശ്രീമതി.എച്ച്.ബീനയുടെ അന്യത്ര സേവന കാലാവധി, നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി, 04.07.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിര ുവനന്തപുരം.

ശ്രീമതി ബീന. എച്ച്., അസിസ്റ്റന്റ്, സംസ്ഥാന തെരഞ്ഞെടുപ്പ്
കമ്മീഷൻ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ)വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാ

സെക്ഷൻ ഓഫീ